പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4830 19.05.2017 ന് മറുപടിയ്ക്ക്.

## സ്കിൽ ക്യാമ്പസ്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി.ടി. തോമസ് :<br>ശ്രീ. റോജി എം. ജോൺ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ സ്കിൽ ക്യാമ്പസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്കിൽ ക്യാമ്പസുകളിൽ നടക്കുന്നത്; വിവരിക്കുമോ;<br><br>(സി) സ്കിൽ ക്യാമ്പസുകളുടെ പ്രവർത്തനത്തിന് എതെല്ലാം തൊഴിൽ മേഖലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദീകരിക്കുമോ? | (എ), (ബി) & (സി) ഉണ്ട്. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ സ്ഥിതി ചെയ്യുന്ന ഇങ്കൽ ടവറിലെ സ്കിൽ ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്ന മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)</u><br><br>ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്) 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ ഇന്ത്യക്കകത്തും പുറത്തും ഉള്ള തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഒരു സംരംഭമാണ് ESPOiR. ഖത്തർ ആസ്ഥാനമായ ഇറാം എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ അനുബന്ധ സ്ഥാപനമായ ഇറാം സയന്റിഫിക് സൊല്യൂഷനുമായി സംയോജിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ എന്നീ ട്രേഡുകളിൽ, ഓയിൽ & ഗ്യാസ് മേഖലക്ക് അധികമായി വേണ്ടി വരുന്ന പ്രത്യേക പരിശീലനം ലഭ്യമാക്കുന്ന തരത്തിലാണ് കോഴ്സുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഈ മേഖലയിൽ വിദേശത്തു പ്രവൃത്തിപരിചയം ഉള്ള അധ്യാപകരാണ് ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കിയിരിക്കുന്നത്. |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ESPOiR – ൽ പ്രവേശനം നൽകി വിദേശത്തേക്ക് അയയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിനു അനുമതി നൽകിയിട്ടുണ്ട്. ESPOiR അക്കാദമിക്ക് PMKVY (പ്രധാൻമന്ത്രി കൗശൽ വികാസ് യോജന) അക്രഡിറ്റേഷനും CGSE (ക്യാപ്പിറ്റൽ ഗുഡ്സ് സ്കിൽ കൗൺസിൽ) യുടെ അംഗീകാരവും ലഭ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ PMKVY കോഴ്സുകൾ ESPOiR -ൽ ആരംഭിച്ചിട്ടുണ്ട്.

<u>CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡവലപ്പ്മെന്റ്)</u>

ഐ.ടി ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ (EDI), അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ്) എന്ന പേരിൽ മികവിന്റെ കേന്ദ്രം സ്കിൽ എക്സലൻസ് പ്രവർത്തിക്കുന്നു. നവസംരംഭങ്ങൾക്ക് ആവശ്യമായ നടപടി ക്രമങ്ങളെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭകർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് CEED ലക്ഷ്യമിടുന്നത്. 2017 ജൂൺ മാസത്തോടെ ടി സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മേൽ പറഞ്ഞ മികവിന്റെ കേന്ദ്രങ്ങളെ കൂടാതെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി റീട്ടെയ്ൽ എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്കിൽ ക്യാമ്പസിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

Bindu

സെക്ഷൻ ഓഫീസർ